**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2487** **14.06.2019-ൽ മറുപടിക്ക്**

## വിനോദസഞ്ചാര വകുപ്പിന് സംസ്ഥാനത്തിന് പുറത്തുള്ള ആസ്തിവകകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൽദോ എബ്രഹാം | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാന വിനോദസഞ്ചാര വകുപ്പിന്റെ ഉടമസ്ഥതയിൽ കേരളത്തിന് പുറത്തുള്ള ആസ്തിവകകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;<br>ബി) പ്രസ്തുത ആസ്തിവകകൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ? | എ) യും ബി) യും | കേരള സർക്കാരിന്റെ ഉടമസ്ഥതയിൽ വിനോദസഞ്ചാര വകുപ്പിന്റെ നിയന്ത്രണത്തിൽ കന്യാകുമാരിയിൽ കേരളാ ഹൗസ് ഉൾപ്പെടുന്ന സ്ഥലം കന്യാകുമാരി വില്ലേജിൽ 599/2 എന്ന സർവ്വേ നമ്പരിൽ 1.645 ഹെക്ടറിലാണ് വ്യാപിച്ചു കിടക്കുന്നത്. പ്രസ്തുത സ്ഥലത്ത് വകുപ്പിന്റെ നിയന്ത്രണത്തിൽ കേരളാ ഹൗസ് പ്രവർത്തിക്കുന്നു. കേരളാ ഹൗസ് സ്ഥിതി ചെയ്യുന്ന സ്ഥലം കാട്ടുവെട്ടിത്തെളിച്ചും മതിൽ കെട്ടിയും പരിപാലിച്ചിട്ടുണ്ട്.<br>തുള്ളോക്ക് ഗാർഡൻ ചെന്നൈ നുങ്കമ്പാക്കം വില്ലേജിൽ ഗ്രിൻസ് റോഡിൽ 0.55 ഏക്കർ സ്ഥലം ഹോട്ടൽ നടത്തുന്നതിന് കെ.ടി.ഡി.സി.യ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്. ടി സ്ഥലത്ത് കെ.ടി.ഡി.സി യുടെ ഹോട്ടൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ